CHRISTIAN
MUSICOLOGICAL
SOCIETY of INDIA



# ആലങ്ങാട് പുരാതന സെന്റ് മേരീസ് നസ്രാണിപള്ളിയുടെ ചരിത്രം

## ഭക്ത ജനമേ, ഉണരുക, പ്രശോഭിക്കുക.

തിരുസഭാ ചരിത്രത്തിൽ അതുല്യമായ സ്ഥാനം സ്വന്തമാക്കിയ ദേവാലയമാണ് ആലങ്ങാട് സെന്റ് മേരീസ് പഴയ ദേവാലയം. ആലങ്ങാട് ദേശത്തെ ജനതയുടെ, പ്രത്യേകിച്ച് മാർത്തോമ നസ്രാണികളുടെ, ചരിത്രവും ഇവരുടെ ദേവാലയവും ഈ ദേവാലയത്തിൽ സംഭവിച്ച മഹത്തായ കാര്യങ്ങളും ചരിത്ര പുസ്തകങ്ങളിൽ പുതുമയുള്ള അദ്ധ്യായങ്ങൾ എഴുതി ചേർക്കുകയുണ്ടായി. ആകയാൽ ഭാരതസഭാചരിത്രം, പ്രത്യേകിച്ചും നസ്രാണി ചരിത്രം വായിക്കുകയും പഠിക്കുകയും ചെയ്യുന്നവർ ആലങ്ങാട് ഇടവകയെയും സെന്റ് മേരീസ് പഴയ ദേവാലയത്തെയും ഒഴിവാക്കിയാൽ അവരുടെ വായനയും പഠനവും തീർത്തും അപൂർണ്ണമാകും. എന്തെന്നാൽ ഭാരതസഭാചരിത്രത്തോട് അത്രമാത്രം ഇഴചേർന്ന് കിടക്കുന്നതാണ് ആലങ്ങാട് ദേശവും ദേവാലയവും.

16-ാം നൂറ്റാണ്ടിൽ പോർച്ചുഗീസുകാർ ഇവിടെ വരുന്നതിനു മുമ്പ് പണിയപ്പെട്ട ദേവാലയങ്ങളിൽ ഇന്ന് അവശേഷിക്കുന്നവ അംഗുലീപരിമിതം മാത്രം. അപ്രകാരം അവശേഷിക്കുന്നവയിൽ ഒന്ന് ആലങ്ങാടിലെ പഴയ പള്ളിയാണ്. പാരമ്പര്യമനുസരിച്ചും ലഭ്യമായ രേഖകൾ പ്രകാരവും 1300 എ.ഡി.യിലാണ് ഈ ദേവാലയം നിർമ്മിച്ചത്. ഏകദേശം 7 നൂറ്റാണ്ടുകൾക്കപ്പുറം ഇത്രയും ബ്രഹ്മാണ്ഡമായ ഒരു ദേവാലയം നിർമ്മിക്കാൻ ആലങ്ങാടിലെ ക്രൈസ്തവരെ പ്രേരിപ്പിച്ച ചേതോവികാരം എന്തായിരിക്കും? അത് അവരുടെ ആഴമേറിയ ക്രൈസ്തവ വിശ്വാസവും വരും തലമുറകൾക്ക് അത് പകർന്ന് കൊടുക്കാനുള്ള വ്യഗ്രതയുമായിരുന്നു എന്നത് തീർച്ചയാണ്.

രാജഭരണ കാലത്ത്, അക്കാലത്ത് നിലവിലില്ലാത്തവിധം, ഇത്രയും ബൃഹത്തായ ഒരു ദേവാലയം നിർമ്മിക്കാൻ അക്രൈസ്തവനായ നാടുവാഴി (ആലങ്ങാട് രാജാവ്) അതിനുള്ള അനുവാദം നൽകിയെങ്കിൽ അതിനുകാരണം പൂർവ്വികർക്ക് രാജസന്നിധിയിലുണ്ടായിരുന്ന സ്വാധീനവും സാമ്പത്തിക ശേഷിയും സമൂഹത്തിലുണ്ടായിരുന്ന ഉന്നതസ്ഥാനവുമ

Christian Musicological Society of India

www.TheCMSIndia.org

ല്ലാതെ മറ്റൊന്നുമായിരുന്നില്ല. അങ്ങനെയെങ്കിൽ മൺമറഞ്ഞ തലമുറയുടെ പ്രൗഢിയും സ്ഥാനവും സ്വാധീനവും തങ്കലിപികളിൽ രേഖപ്പെടുത്തപ്പെട്ട ഈ പുണ്യസ്മാരകം ഇനിയും അനേകതലമുറകളോളം നിലനിൽക്കേണ്ടത് അത്യാവശ്യമാണ്. ഇത്രയും ശ്രേഷ്ഠവും പ്രൗഢവുമായ മറ്റൊരു പുരാതന സ്ഥാപനവും ആലങ്ങാട് പഞ്ചായത്തിലെന്നല്ല സമീപപ്രദേശങ്ങളിലെങ്ങുമില്ല. പാശ്ചാത്യ സഞ്ചാരികൾ സാക്ഷ്യപ്പെടുത്തുന്നതനുസരിച്ച് 19-ാം നൂറ്റാണ്ടിനു മുമ്പ് കേരളത്തിൽ പണിയപ്പെട്ട ദേവാലയങ്ങളിൽ ഏറ്റവും വലുത് ആലങ്ങാടിലെ പുരാതന ദേവാലയമാണ്. ഈ ദേവാലയം നിർമ്മിച്ച കാലത്ത് എന്നല്ല 20-ാം നൂറ്റാണ്ടിൽ പോലും ആലങ്ങാടിലെ ബഹുഭൂരിപക്ഷം ഇടവകാംഗങ്ങളും ഓലമേഞ്ഞ, കല്ലുകൾകൊണ്ട് ഭിത്തി പണിയാത്ത (മരം കൊണ്ടുള്ള ഭിത്തികൾ മാത്രം) വീടുകളിൽ പാർത്തിരുന്ന കാലത്ത് 4/5 അടി ഭിത്തിവണ്ണമുള്ള ഇത്രയും ബ്രഹ്മാണ്ഡമായ ഒരു പള്ളിക്കെട്ടിടം പൂർവ്വികർ നിർമ്മിച്ചതെന്ന സത്യവും വിസ്മരിക്കപ്പെടാൻ പാടില്ല. ഇന്ന് ആലങ്ങാടിലുള്ളവരുടെ മാത്രമല്ല, ആലങ്ങാട് നിന്നും ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ചിതറിക്കപ്പെട്ടവരും അന്യദേശങ്ങളിൽ കുടിയേറിയവരുമായ നസ്രാണി പരിഷയുടെ, അവരുടെ പൂർവ്വികരുടെ വിശ്വാസപൈതൃക സ്മാരകം കൂടിയാണ് ഈ ദേവാലയം.

ഭാരതത്തിൽ, പ്രത്യേകിച്ച് കേരളത്തിൽ പലസ്ഥലങ്ങളിലും പരിശുദ്ധ കന്യകാമറിയം പ്രത്യക്ഷപ്പെട്ടതിന്റെ പാരമ്പര്യങ്ങളും ഐതീഹ്യങ്ങളുമുണ്ട്. ജനങ്ങൾ അത് വിശ്വസിക്കുകയും തീർത്ഥാടന കേന്ദ്രങ്ങളായി ഗണിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ ഈ സ്ഥലങ്ങളിൽ പലയിടത്തും മാതാവിന്റെ പ്രത്യക്ഷത്തെ സാക്ഷ്യപ്പെടുത്തുന്ന ആധികാരിക രേഖകളൊന്നും ലഭ്യമല്ല. എന്നാൽ എ.ഡി. 1599ൽ ആലങ്ങാട് സെന്റ് മേരീസ് ദേവാലയത്തിൽ മാതാവിന്റെ പ്രത്യക്ഷം ഉണ്ടായതിന് ആധികാരികമായ എഴുതപ്പെട്ട രേഖകളുണ്ട്. എ.ഡി. 1599 ൽ ഗോവ മെത്രാപ്പോലീത്തയായിരുന്ന, ഡോ. മേനേസിസ് കേരളത്തിൽ സന്ദർശനം നടത്തുന്ന കാലഘട്ടത്തിലാണ് ഈ സംഭവം ഉണ്ടായത്. ഇക്കാലത്ത് പറവൂർ രാജാവിന്റെ ചാവേറുകളായ നായർ പടയുടെ ആക്രമണത്തിൽ നിന്നും രക്ഷനേടാൻ ആലങ്ങാടിലെ നസ്രാണികൾ ആലങ്ങാട് പള്ളിയിലാണ് അഭയം തേടിയത്. പള്ളിയേയും പള്ളിയിൽ അഭയം തേടിയ നസ്രാണികളെയും ആക്രമിക്കാനും തീയിട്ട് നശിപ്പിക്കാനും പള്ളിയിലേക്ക് ഓടിക്കയറിയ ചാവേർ പടയെ പരിശുദ്ധ കന്യകാമറിയം പ്രത്യക്ഷപ്പെട്ട് തടഞ്ഞു. അവളുടെ പ്രകാശധോരണിയാൽ പള്ളിയിൽ പ്രവേശിക്കാനാവാതെ ചാവേർപട ഭയന്നോടി. തന്റെ സങ്കേതത്തിൽ അഭയം തേടിയ തന്റെ മക്കളെയും തന്റെ നാമധേയത്തിലുള്ള ദേവാലയത്തേയും മാതാവ് സംരക്ഷിച്ചു. ചാവേർ അക്രമണം നടന്നതിന്റെ പിറ്റേന്നാൾ പള്ളി സന്ദർശിച്ച മെനേസിസ് മെത്രാപ്പോലിത്ത തന്റെ ഡയറിയിൽ കുറിച്ചുവച്ച ഈ സംഭവം 1606 ൽ ഗുവയ എന്ന ഗ്രന്ഥകാരൻ ജൊർണാദ എന്ന ഗ്രന്ഥത്തിൽ പ്രസിദ്ധപ്പെടുത്തി.

1790ൽ ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ആലങ്ങാടിലെ നസ്രാണികൾ പ്രാണരക്ഷാർത്ഥം നാനാദിക്കുകളിലേക്കും ഓടിപ്പോയി. ടിപ്പുവിന്റെ സൈന്യം പള്ളിക്ക് തീയിട്ടു. മേൽക്കൂര കത്തിയതല്ലാതെ പള്ളിയുടെ ഭിത്തി

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

കൾക്കോ മുഖവാരത്തിനോ കേടുപാടുകൾ സംഭവിച്ചില്ലെന്നുമാത്രമല്ല, മദ്ബാഹയിൽ പ്രതിഷ്ഠിച്ചിരുന്ന മാതാവിന്റെ ചിത്രവും കത്തി നശിച്ചില്ല. ഇവിടെയും മാതാവിന്റെ പ്രത്യേകമായ പരിപാലനയുടെ പ്രതീകമായി പള്ളിയും മാതാവിന്റെ ചിത്രവും അവശേഷിച്ചു. പടയോട്ടത്തിന് ശേഷം തിരിച്ചെത്തിയവർ അനേക ദശവൽസരങ്ങൾകൊണ്ട് ദേവാലയത്തിന്റെ പഴയ പ്രൗഢിയെ തിരികെ കൊണ്ടുവന്നു.

1599 ൽ മെനേസിസ് മെത്രാപ്പോലിത്ത സാക്ഷ്യം വഹിച്ച നസ്രാണി യുവതിയുടെ ചാരിത്ര ശുദ്ധിയെ അഗ്നിപരീക്ഷണത്തിലൂടെ തെളിയിച്ച മഹാസംഭവം അരങ്ങേറിയത് ഈ പുരാതന ദേവാലയത്തിന്റെ തിരുമുറ്റത്താണ്.

1653 ലെ കൂനൻ കുരിശ് സത്യത്തിന് ശേഷം നസ്രാണി പരിഷ ഒരുമിച്ചു കൂടി പുത്തൻകൂറ്റുകാരുടെ ഒന്നാം മാർത്തോമ എന്നറിയപ്പെടുന്ന ആർച്ച് ഡീക്കൻ തോമസിനെ 12 വൈദികർ ചേർന്ന് മെത്രാനായി വാഴിച്ചത് ആലങ്ങാട് പള്ളിയിൽ വെച്ചാണ്. 1701 ൽ മലബാർ വികാരിയാത്തിന്റെ വികാരി അപ്പോസ്തോലിക്കയായി നിയമിതനായ ഫ്രാൻസിസ് ആഞ്ചലൂസിനെ മാർ സൈമൺ മെത്രാനായി വാഴിച്ചതും ആഞ്ചലൂസ് ഫ്രാൻസിസ് വികാരിയപ്പസ്തോലിക്കയായി സ്ഥാനമേറ്റതും ആലങ്ങാടിലെ പുരാതന ദേവാലയത്തിൽ വെച്ചു തന്നെയായിരുന്നു.

1712 -ൽ ആഞ്ചലൂസ് ഫ്രാൻസിസിന്റെ പിൻഗാമിയായി അഭിഷേകം ചെയ്യപ്പെട്ട ഫ്രാൻസിസ് സാലസ് മെത്രാന്റെ സ്ഥാനാരോഹണവും ആലങ്ങാട് പള്ളിയിൽ വെച്ചുതന്നെയായിരുന്നു. മാത്രമല്ല, ഏകദേശം 1 വർഷത്തോളം സാലസ് മെത്രാൻ ആലങ്ങാട് പള്ളിയിൽ താമസിച്ചുകൊണ്ടാണ് വികാരിയാത്തിന്റെ ഭരണം നിർവ്വഹിച്ചത്. അതുവഴി വരാപ്പുഴ വികാരിയാത്തിന്റെ ആസ്ഥാനവും ആസ്ഥാനദേവാലയവും ആലങ്ങാട് പള്ളിയായി മാറി.

പ്രസിദ്ധമായ ആലങ്ങാട് പടിയോല ഇക്കാലത്ത് എഴുതിയുണ്ടാക്കുന്നതിന് നസ്രാണി പരിഷ യോഗം കൂടിയതും ഇവിടെത്തന്നെയായിരുന്നു.

ആലങ്ങാടിൽ സ്ഥാപിതമായിരുന്ന പ്രസിദ്ധമായ ആലങ്ങാട് സെമിനാരിയുടെ ആസ്ഥാനദേവാലയം ഈ പുരാതന പള്ളിതന്നെയായിരുന്നു. സെമിനാരിക്കാർക്ക് ആണ്ട്തോറും പട്ടം നൽകിയിരുന്നതും അവർ പുത്തൻകുർബാന ചൊല്ലിയിരുന്നതും ഈ ദേവാലയത്തിലായിരുന്നു.

ജോസഫ് കരിയാട്ടി മൽപ്പാന്റെയും പാറേമ്മാക്കൽ തോമ്മ കത്തനാരുടെയും ചരിത്രപ്രസിദ്ധമായ റോമാ യാത്രയ്ക്ക് മുൻപുള്ള മലങ്കര ഇടവകയുടെ പള്ളികളുടെ മഹായോഗങ്ങളിൽ ഒന്ന് ആലങ്ങാട് പള്ളിയിൽ വെച്ചായിരുന്നു. കരിയാട്ടി മെത്രാപ്പോലിത്തായുടെ കാലശേഷം പാറേമാക്കൽ ഗോവർണ്ണദോറിന്റെ നേതൃത്വത്തിലും ആലങ്ങാട് പള്ളിയിൽ വെച്ച് മലങ്കര ഇടവകയുടെ പള്ളികളുടെ യോഗം ഇവിടെ കൂടിയിട്ടുണ്ട്.

ഭാരതത്തിലെ പ്രഥമ ഏകദേശീയ മെത്രാപോലിത്തയായ മാർ

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കൾക്കോ മുഖവാരത്തിനോ കേടുപാടുകൾ സംഭവിച്ചില്ലെന്നുമാത്രമല്ല, മദ്ബാഹയിൽ പ്രതിഷ്ഠിച്ചിരുന്ന മാതാവിന്റെ ചിത്രവും കത്തി നശിച്ചില്ല. ഇവിടെയും മാതാവിന്റെ പ്രത്യേകമായ പരിപാലനയുടെ പ്രതീകമായി പള്ളിയും മാതാവിന്റെ ചിത്രവും അവശേഷിച്ചു. പടയോട്ടത്തിന് ശേഷം തിരിച്ചെത്തിയവർ അനേക ദശവൽസരങ്ങൾകൊണ്ട് ദേവാലയത്തിന്റെ പഴയ പ്രൗഢിയെ തിരികെ കൊണ്ടുവന്നു.

1599 ൽ മെനേസിസ് മെത്രാപ്പോലിത്ത സാക്ഷ്യം വഹിച്ച നസ്രാണി യുവതിയുടെ ചാരിത്ര ശുദ്ധിയെ അഗ്നിപരീക്ഷണത്തിലൂടെ തെളിയിച്ച മഹാസംഭവം അരങ്ങേറിയത് ഈ പുരാതന ദേവാലയത്തിന്റെ തിരുമുറ്റ ത്താണ്.

1653 ലെ കൂനൻ കുരിശ് സത്യത്തിന് ശേഷം നസ്രാണി പരിഷ ഒരുമിച്ചു കൂടി പുത്തൻകൂറ്റുകാരുടെ ഒന്നാം മാർത്തോമ എന്നറിയപ്പെടുന്ന ആർച്ച് ഡീക്കൻ തോമസിനെ 12 വൈദികർ ചേർന്ന് മെത്രാനായി വാഴിച്ചത് ആലങ്ങാട് പള്ളിയിൽ വെച്ചാണ്. 1701 ൽ മലബാർ വികാരിയാത്തിന്റെ വികാരി അപ്പോസ്തോലിക്കയായി നിയമിതനായ ഫ്രാൻസിസ് ആഞ്ചലൂ സിനെ മാർ സൈമൺ മെത്രാനായി വാഴിച്ചതും ആഞ്ചലൂസ് ഫ്രാൻസിസ് വികാരിയപ്പസ്തോലിക്കയായി സ്ഥാനമേറ്റതും ആലങ്ങാടിലെ പുരാതന ദേവാലയത്തിൽ വെച്ചു തന്നെയായിരുന്നു.

1712 -ൽ ആഞ്ചലൂസ് ഫ്രാൻസിസിന്റെ പിൻഗാമിയായി അഭിഷേകം ചെയ്യപ്പെട്ട ഫ്രാൻസിസ് സാലസ് മെത്രാന്റെ സ്ഥാനാരോഹണവും ആല ങ്ങാട് പള്ളിയിൽ വെച്ചുതന്നെയായിരുന്നു. മാത്രമല്ല, ഏകദേശം 1 വർഷത്തോളം സാലസ് മെത്രാൻ ആലങ്ങാട് പള്ളിയിൽ താമസിച്ചുകൊ ണ്ടാണ് വികാരിയാത്തിന്റെ ഭരണം നിർവ്വഹിച്ചത്. അതുവഴി വരാപ്പുഴ വികാ രിയാത്തിന്റെ ആസ്ഥാനവും ആസ്ഥാനദേവാലയവും ആലങ്ങാട് പള്ളി യായി മാറി.

പ്രസിദ്ധമായ ആലങ്ങാട് പടിയോല ഇക്കാലത്ത് എഴുതിയുണ്ടാക്കുന്ന തിന് നസ്രാണി പരിഷ യോഗം കൂടിയതും ഇവിടെത്തന്നെയായിരുന്നു.

ആലങ്ങാടിൽ സ്ഥാപിതമായിരുന്ന പ്രസിദ്ധമായ ആലങ്ങാട് സെമിനാ രിയുടെ ആസ്ഥാനദേവാലയം ഈ പുരാതന പള്ളിതന്നെയായിരുന്നു. സെമിനാരിക്കാർക്ക് ആണ്ട്തോറും പട്ടം നൽകിയിരുന്നതും അവർ പുത്തൻകുർബാന ചൊല്ലിയിരുന്നതും ഈ ദേവാലയത്തിലായിരുന്നു.

ജോസഫ് കരിയാട്ടി മൽപ്പാന്റെയും പാറേമ്മാക്കൽ തോമ്മ കത്തനാ രുടെയും ചരിത്രപ്രസിദ്ധമായ റോമാ യാത്രയ്ക്ക് മുൻപുള്ള മലങ്കര ഇടവക യുടെ പള്ളികളുടെ മഹായോഗങ്ങളിൽ ഒന്ന് ആലങ്ങാട് പള്ളിയിൽ വെച്ചായിരുന്നു. കരിയാട്ടി മെത്രാപ്പോലിത്തായുടെ കാലശേഷം പാറേമാ ക്കൽ ഗോവർണ്ണദോറിന്റെ നേതൃത്വത്തിലും ആലങ്ങാട് പള്ളിയിൽ വെച്ച് മലങ്കര ഇടവകയുടെ പള്ളികളുടെ യോഗം ഇവിടെ കൂടിയിട്ടുണ്ട്.

ഭാരതത്തിലെ പ്രഥമ ഏകദേശീയ മെത്രാപോലിത്തയായ മാർ

Christian Musicological Society of India
www.TheCMSIndia.org

ജോസഫ് കരിയാട്ടിയുടെ മാതൃ ഇടവകയായ ഈ പുരാതന ദേവാലയത്തി ലാണ് അദ്ദേഹം മാമോദീസ സ്വീകരിച്ചതും, പുത്തൻ കുർബാന ചൊല്ലി യതും അവസാനം 1961 ൽ ഏപ്രിൽ 11-ാം തീയതി അദ്ദേഹത്തിന്റെ പൂജ്യമായ ഭൗതികാവശിഷ്ടം ഗോവയിൽ നിന്നും കൊണ്ട്വന്ന് പുനസംസ്കരിച്ചതും.

പരിശുദ്ധ അമ്മയുടെ നാമധേയത്തിൽ സ്ഥാപിക്കപ്പെട്ടതും നസ്രാണി പരിഷയുടെ വിശ്വാസപൈതൃകത്തിന്റെ ഉത്തമ പ്രതീകവും 2 പ്രാവശ്യം പരി ശുദ്ധ അമ്മയുടെ പ്രത്യേകമായ ഇടപെടൽ മൂലം ശത്രുക്കളുടെ ആക്രമണ ങ്ങളിൽ നിന്നും സംരക്ഷിക്കപ്പെട്ടതുമായ ഈ പുണ്യഗേഹം, ആയിരക്കണ ക്കിന് വിശുദ്ധ ബലികൾ അർപ്പിക്കപ്പെട്ടതും അതുവഴി അനിതരസാധാരണ മായ വിശുദ്ധ ചൈതന്യം പേറുന്നതും നസ്രാണി പരിഷകൾക്ക് വേണ്ടി രക്തസാക്ഷിത്വം വരിച്ച മാർ ജോസഫ് കരിയാട്ടി മെത്രാപ്പോലീത്തായെ പുനസംസ്കരിച്ചതുമായ ഈ പുണ്യഗൃഹം പുനരുദ്ധരിച്ച് പൂജ്യമായി സൂക്ഷിക്കാൻ നാമിന്ന് കടപ്പെട്ടിരിക്കുന്നു.

എ.ഡി. 1580 കളിൽ പണിയപ്പെട്ട അങ്കമാലിയിലെ കിഴക്കെ പള്ളി (മാർ അബ്രാഹത്തിനെ കബറടക്കിയ ദേവാലയം) അതിന്റെ സർവ്വ പ്രൗഢി യോടും കൂടി പുനരുദ്ധരിച്ചതോടെ ആയിരക്കണക്കിന് തീർത്ഥാടകരാണ് ആണ്ട്തോറും ആ പള്ളിയും മാർ അബ്രാഹത്തിന്റെ കബറിടവും സന്ദർശി ക്കാൻ അങ്കമാലിയിൽ എത്തിക്കൊണ്ടിരിക്കുന്നത്.

ആ ദേവാലയത്തെക്കാൾ നൂറ്റമ്പതോളം വർഷങ്ങൾക്ക് മുമ്പ് പണിയ പ്പെട്ടതും മാർ കരിയാട്ടി സഹദായുടെ കബറിടം സ്ഥിതി ചെയ്യുന്നതുമായ ആലങ്ങാടിലെ പുരാതന ദേവാലയം അതിന്റെ സർവ്വ പ്രൗഢിയോടും കൂടെ പുനരുദ്ധരിക്കപ്പെടണം. നസ്രാണി സമൂഹം പല സഭകളായി ചിതറിക്കപ്പെ ടുന്നതിന് മുമ്പേ സ്ഥാപിതമായ ഈ പുണ്യഗേഹം കത്തോലിക്കരുടെതുമാ ത്രമല്ല എല്ലാ സഭാ വിഭാഗങ്ങളുടെയും തറവാടും പൈതൃകവും കൂടിയാണ്. ഈ പുണ്യ സ്മാരകം അപ്രത്യക്ഷമായാൽ യാതൊരു തീർത്ഥാടകനും സന്ദർശകനും ആലങ്ങാടിൽ എത്തില്ല. പുതിയ പള്ളി കാണാനല്ല പ്രത്യുത പരിശുദ്ധ അമ്മ സംരക്ഷിച്ചതും പൂർവ്വികരുടെ വിശ്വാസപൈതൃകത്തിന്റെ സ്മാരകവുമായ പഴയപള്ളി തേടിയാണ് തീർത്ഥാടകരും സന്ദർശകരും എത്തുന്നതെന്ന് വലിയ സത്യം നമുക്ക് വിസ്മരിക്കാതിരിക്കാം. പഴയ ദേവാ ലയം അതിന്റെ സകല പ്രൗഢിയിലും പുനരുദ്ധരിക്കാനും ഭാവിയിൽ ഇതൊരു ബസിലിക്കയാകാനും പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം നമുക്ക് തേടാം. ആയിരക്കണക്കിന് തീർത്ഥാടകർക്ക് ഈ പുണ്യഗേഹം അനു ഗ്രഹപ്രാപ്തിക്കുള്ള ഇടമായി ഭവിക്കട്ടെ. നമുക്ക് ഒരുമിച്ച് മുന്നേറാം. പ്രാർത്ഥിക്കാം.

സ്നേഹപൂർവ്വം

ഫാ. പോൾ ചുള്ളി
(വികാരി)

ആലങ്ങാട്
30.10.2020

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

---

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

---

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS